**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.499**

**29.11.2018 ൽ മറുപടി നൽകേണ്ടത്**

**<u>അർഹരായവർക്കെല്ലാം ക്ഷേമ പെൻഷൻ</u>**

**ചോദ്യം**

ശ്രീ. വി . ടി ഇബ്രാഹിം

ശ്രീ. പി . ഉബൈദുള്ള

ശ്രീ എൻ . ഷംസുദീൻ

ശ്രീ എൻ. എ. നെല്ലിക്കുന്ന്

**മറുപടി**

ഡോ.ടി.എം തോമസ് ഐസക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിച്ച്, വർഷങ്ങളായി വിവിധ ക്ഷേമ പെൻഷൻ വാങ്ങുന്നവർക്ക് പെൻഷൻ നിഷേധിച്ചു വരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സാമൂഹ്യ സുരക്ഷാ പെൻഷൻ ഗണ്യമായി ഉയർത്തി കൃത്യമായി വിതരണം ചെയ്യുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 3443414 പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചിരുന്നതെങ്കിൽ ഇപ്പോൾ 4427210 പേർക്കാണ് ആയത് നൽകുന്നത് . അർഹരായവർക്ക് പെൻഷൻ നിഷേധിക്കുക എന്ന സമീപനം സർക്കാരിനില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ് . അതേ സമയം ചിലർ തികച്ചും അനർഹമായി പെൻഷൻ കൈക്കലാക്കുന്നു എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇത്തരത്തിൽ അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈക്കലാക്കുന്നത് തടയുന്നതിന്റെ ഭാഗമായി 1000 സി സിയിൽ |

| | | |
|---|---|---|
| | | കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാത്ത നാലും അതിനു മുകളിലും ചക്രങ്ങൾ ഉള്ള വാഹനങ്ങൾ ( അംബാസിഡർ കാർ ഒഴികെ) സ്വന്തം പേരിൽ ഉള്ളവർ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹരല്ല എന്ന് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇത്തരത്തിൽ അനർഹരെന്ന് കണ്ട് പെൻഷൻ താൽകാലികമായി തടഞ്ഞ് വയ്ക്കപ്പെട്ടവരിൽ അർഹരും ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ സർക്കാരിൽ ലഭിച്ചതിനെ തുടർന്ന് ഇത്തരത്തിൽ പെൻഷൻ താല്കാലികമായി തടയപ്പെട്ട അർഹരായവർക്ക് , ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വളരെ അടിയന്തര പ്രാധാന്യത്തോടെ തന്നെ തടഞ്ഞ് വയ്ക്കപ്പെട്ട പെൻഷൻ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പെൻഷൻ നിഷേധിക്കപ്പെട്ടവരിൽ അർഹരായവർക്കെല്ലാം ഉടൻ പെൻഷൻ അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | പെൻഷൻ താല്കാലികമായി തടഞ്ഞ് വെയ്ക്കപ്പെട്ടവരിൽ പെൻഷന് അർഹതയുണ്ട് എന്ന് കണ്ടെത്തി പെൻഷൻ പുനസ്ഥാപിച്ച് നൽകിയ എല്ലാ ഗുണഭോക്താക്കൾക്കും അത്തരത്തിൽ റിപ്പോർട്ട് സർക്കാരിൽ ലഭിച്ച ഉടൻ തന്നെ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ